**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4032

16/05/2017 - ൽ മറുപടിക്ക്

**കുടുംബശ്രീ അയൽക്കൂട്ടങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി.രാജേഷ് | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കുടുംബശ്രീ അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) കുടുംബശ്രീ അയൽക്കൂട്ടങ്ങളെ സ്വയം വിലയിരുത്തുന്നതിനും അയൽക്കൂട്ട പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടി 'ദിശ 2017' എന്ന വിപുലമായ ക്യാമ്പെയിൻ കുടുംബശ്രീ സംഘടിപ്പിച്ചു. 2017 ജനുവരി 28-ന് കേരളത്തിലെ 251848 അയൽക്കൂട്ടങ്ങൾ ഏകദിന സ്വയം നവീകരണത്തിന്റെയും സ്വയം വിലയിരുത്തലിന്റെയും ഭാഗമായി. ദിശ ക്യാമ്പയിനിൽ 84 എം.എൽ.എമാരും 8 എം.പിമാരും മുഖ്യമന്ത്രിയടക്കം 11 മന്ത്രിമാരും പങ്കെടുത്തു. ഇതിന്റെ ഭാഗമായി അയൽക്കൂട്ടങ്ങളുടെ എണ്ണം 2,58,035-ൽ നിന്നും 2,77,175 ആയി വർദ്ധിച്ചു. ദിശ ക്യാമ്പയിന്റെ ഭാഗമായി സംഘടിപ്പിച്ച അയൽക്കൂട്ട ശാക്തീകരണത്തിന്റെ ഭാഗമായി കേരളത്തിലെ 1,073 സിഡിഎസ്സിലെയും ചെയർപേഴ്സൺമാർക്കും ഉപസമിതി കൺവീനർമാർക്കും, 19,854 എഡിഎസ്സുകളിലെ ചെയർപേഴ്സൺമാർക്കും, സെക്രട്ടറിമാർക്കും പരിശീലനം സംഘടിപ്പിച്ചു. |
| (ബി) അയൽക്കൂട്ടങ്ങൾക്ക് മാച്ചിംഗ് ഗ്രാന്റ്, റിവോൾവിംഗ് ഫണ്ട് എന്നിവ നല്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (ബി) മാച്ചിംഗ് ഗ്രാന്റ്: പ്രവർത്തനം ആരംഭിച്ച് 6 മാസം കഴിഞ്ഞതും നബാർഡിന്റെ എൻ.എച്ച്.ജി ഗ്രേഡിംഗ് നടപടികൾ മുഖേന ഗ്രേഡിംഗ് പാസായി ലിങ്കേജ് വായ്പ ലഭിച്ചതുമായ അയൽക്കൂട്ടങ്ങൾക്കാണ് മാച്ചിംഗ് ഗ്രാന്റ് ലഭിക്കുന്നത്. 50%മോ |

അതിൽക്കൂടുതലോ എസ്.സി/എസ്.റ്റി അംഗങ്ങളുള്ള അയൽക്കൂട്ടങ്ങൾക്ക് ഗ്രേഡിംഗിൽ 80% മാർക്ക് ലഭ്യമായാൽ ലിങ്കേജ് വായ്പയുടെ അഭാവത്തിലും മാച്ചിംഗ് ഗ്രാന്റ് ലഭിക്കുന്നതാണ്. ഒരു അയൽക്കൂട്ടത്തിന് പരമാവധി മാച്ചിംഗ് ഗ്രാന്റ് തുകയായ 8000 രൂപ ലഭിക്കുന്നതുവരെ ഓരോ ലിങ്കേജ് വായ്പ ലഭിക്കുമ്പോഴും മാച്ചിംഗ് ഗ്രാന്റിന് അപേക്ഷിക്കാവുന്നതാ ണ്

റിവോൾവിംഗ് ഫണ്ട് : ആരംഭിച്ച് 3 മാസം കഴിഞ്ഞ,. 75% അംഗങ്ങളെങ്കിലും ബി.പി.എൽ. ആയ ഗ്രാമപ്രദേശങ്ങളിലെ അയൽക്കൂട്ടങ്ങൾക്ക് എൻ.ആർ.എൽ.എം.ന്റെ ഭാഗമായി റിവോൾവിംഗ് ഫണ്ട് നൽകി വരുന്നു. റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കുന്നതിനായി അയൽക്കൂട്ടങ്ങൾ താഴെപ്പറയുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കുകയും വേണം.

എല്ലാ ആഴ്ചയിലും യോഗം ചേരുന്നവയും 90% എങ്കിലും ഹാജർ നില ഉള്ള വയുമാകണം.

സമ്പാദ്യം കൃത്യമായി എല്ലാ ആഴ്ചയിലും അയൽക്കൂട്ട യോഗത്തിൽ ശേഖരിക്കുന്നവയും ആരംഭിച്ച് 6 മാസം കഴിഞ്ഞ അയൽക്കൂട്ടമാണെങ്കിൽ കൃത്യമായ ആന്തരിക വായ്പാ പ്രവർത്തനം നടത്തുന്നവയും 95% തിരിച്ചടവ് ഉണ്ടായിരിക്കുന്നവയും ആയിരിക്കണം. രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നവയും ഒരു വർഷംപൂർത്തിയാക്കിയ അയൽക്കൂട്ടങ്ങൾ കാസ് ഓഡിറ്റ് പൂർത്തി യാക്കുകയും വേണം. എസ്.ജി.എസ്.വൈ പദ്ധതി പ്രകാരം റിവോൾവിംഗ് ഫണ്ട് ലഭ്യമായ അയൽക്കൂട്ടങ്ങൾക്ക് കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് ലഭിക്കുന്നതല്ല.

| | |
|---|---|
| (സി) അയൽക്കൂട്ടങ്ങൾക്ക് സ്വയംതൊഴിൽ മൈക്രോ സംരംഭങ്ങൾ തുടങ്ങുന്നതിന് എന്തൊക്കെ സഹായങ്ങളാണ് ഇപ്പോൾ നൽകിവരുന്നത്? | (സി) ഉപജീവനത്തിന്റെ വ്യത്യസ്ത സാധ്യതകൾ (സൂക്ഷ്മസംരംഭം,കൃഷി, വൈദഗ്ദ്ധ്യപരിശീലനവും തൊഴിലും) സംബന്ധിച്ച അവബോധ പരിശീലനം, സംരംഭകത്വ വികസന പരിശീലനം, സംരംഭങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്ന മേഖലയിൽ വൈദഗ്ദ്ധ്യ പരിശീലനം എന്നിവ നൽകി വരുന്നു. കൂടാതെ സംരംഭങ്ങൾക്ക് സബ്സിഡിയും പ്രോജക്ട് തയ്യാറാക്കുന്നതിന് സിഡിഎസ് തലത്തിൽ സൂക്ഷ്മസംരംഭ കൺസൾട്ടന്റുമാരുടെ (എം.ഇ.സി.) സേവനവും ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ